# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 23**

---

## എം.ജി സർവകലാശാലയിൽ മാൽക്കം ആദിശേഷയ്യ ചെയർ ഉദ്ഘാടനം 27ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ വിഖ്യാത സാമ്പത്തിശാസ്ത്ര വിദഗ്ധനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന മാൽക്കം എസ്. ആദിശേഷയ്യയുടെ പേരിൽ ചെയർ തുടങ്ങും. മാർച്ച് 27ന് രാവിലെ ഒൻപതിന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും.

സാമ്പത്തിക ശാസ്ത്രജ്ഞനും ന്യൂഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ മുൻ അധ്യാപകനുമായ പ്രഫ. സി.പി. ചന്ദ്രശേഖറാണ് ചെയർ പ്രഫസർ. ഉദ്ഘാടനച്ചടങ്ങിൽ സാമ്പത്തിക അസ്ഥിരതയും ആനുകാലിക ആഗോള സാഹചര്യവും എന്ന വിഷയത്തിൽ ഇദ്ദേഹം ആദ്യപ്രഭാഷണം നിർവഹിക്കും.

1910ൽ വെല്ലൂരിൽ ജനിച്ച ഡോ. മാൽക്കം ആദിശേഷയ്യ ഇംഗ്ലണ്ടിൽ ഉന്നത പഠനം പൂർത്തീകരിച്ചശേഷം 1940ൽ മദ്രാസ് ക്രിസ്ത്യൻ കോളജിൽ സാമ്പത്തികശാസ്ത്ര അധ്യാപകനയി ചേർന്നു. 1948ൽ യുനെസ്കോയിൽ സേവനമാരംഭിച്ച അദ്ദേഹം 1970ൽ ഡെപ്യൂട്ടി ഡയറക്ടറായിരിക്കെ വിരമിച്ചു.

1971ൽ ഭാര്യ എലിസബത്തുമായി ചേർന്ന് മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റൽ സ്റ്റഡീസിന് തുടക്കം കുറിച്ചു. ദിർഘകാലം തമിഴ്നാട് ആസൂത്രണ ബോർഡിൽ പ്രവർത്തിച്ച മാൽക്കം ആദിശേഷയ്യ കേന്ദ്ര ആസൂത്രണ കമ്മീഷൻ സ്റ്റിയറിംഗ് കമ്മിറ്റി അംഗം, മദ്രാസ് സർവകലാശാലാ വൈസ് ചാൻസലർ എന്നി നിലകളിലും സേവനമനുഷ്ഠിച്ചു.

1976ൽ പത്മഭൂഷൺ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. 1978ൽ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ടു. തമിഴ്നാട് ശാസ്ത്ര സാങ്കേതിക കൗൺസിൽ പ്രസിഡന്റായിരിക്കെ 1984ലാണ് അന്തരിച്ചത്.

മാൽക്കം ആദിശേഷയ്യയുടെ പേരിൽ വികസനോന്മുഖ പഠന മേഖലയിലെ മികവിന് ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരം 2009ൽ പ്രഫ. സി.പി. ചന്ദ്രശേഖറിന് ലഭിച്ചിരുന്നു.

(പി.ആർ.ഒ/39/334/2023)

## പ്രഫ. സാബു തോമസിന് ഡോ.എസ്. രാധാകൃഷ്ണൻ അവാർഡ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ ഹെരിറ്റേജിന്റെ ഡോ. എസ്. രാധാകൃഷ്ണൻ എക്സലൻസ് അവാർഡ് മഹാത്മാ ഗാന്ധി സർവകലശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസിന് സമ്മാനിച്ചു. അക്കാദമിക, ഗവേഷണ മേഖലകളിലെ മികവ് പരിഗണിച്ചാണ് അദ്ദേഹത്തെ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.

കൊൽക്കത്തയിലെ രബീന്ദ്രഭവൻ ഓഡിറ്റോറിയത്തിൽ നടന്ന രാജ്യാന്തര ഓറിയന്റൽ ഹെരിറ്റേജ് കോൺഫറൻസിൽ പശ്ചിമബംഗാൾ കൃഷിമന്ത്രി സോവൻദേബ് ചതോപാധ്യായിൽനിന്ന് അദ്ദേഹം പുരസ്കാരം ഏറ്റുവാങ്ങി.

(പി.ആർ.ഒ/39/335/2023)

## ടെക്നിക്കൽ അസിസ്റ്റന്റ് വാക്-ഇൻ-ഇന്റർവ്യൂ 27ന്

മഹാത്മാ ഗാന്ധി സർവകലാശലിയലെ സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റിയിൽ ടെക്നിക്കൽ അസിസ്റ്റന്റ് (FE-SEM), ടെക്നിക്കൽ അസിസ്റ്റന്റ് (LC-MS /MS) തസ്തികകളിലെ ഒന്നുവീതം ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിനുള്ള വാക് ഇൻ ഇന്റർവ്യൂ മാർച്ച് 27ന് നടക്കും.

യഥാക്രമംപട്ടിക ജാതി, മുസ്ലിം വിഭാഗങ്ങൾക്കായി സംവരണം ചെയ്യപ്പെട്ടവയാണ് ഒഴിവുകൾ. പ്രസ്തുത വിഭാഗത്തിൽ പെട്ടവരുടെ അഭാവത്തിൽ പട്ടിക വർഗ, മറ്റു പിന്നാക്ക, ജനറൽ വിഭാഗങ്ങളിലെ ഉദ്യോഗാർഥികളെ പരിഗണിക്കും.

ഫിസിക്സിലോ കെമിസ്ട്രിയിലോ ഫസ്റ്റ് ക്ലാസ് ബിരുദമോ അല്ലെങ്കിൽ തത്തുല്യ ഗ്രേഡോടെ ബിരുദാനന്തര ബിരുദമോ ഉള്ളവരെയാണ് ടെക്നിക്കൽ അസിസ്റ്റന്റ് (FE-SEM) തസ്തികയിലേക്ക് പരിഗണിക്കുന്നത്. FE-SEM കൈകാര്യം ചെയ്ത് ആറു മാസത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം

കെമിസ്ട്രിയിൽ ഫസ്റ്റ് ക്ലാസ് ബിരുദമോ തത്തുല്യ ഗ്രേഡോടെ ബിരുദാനന്തര

ബിരുദമോ ഉള്ളവർക്ക് ടെക്നിക്കൽ അസിസ്റ്റന്റ് (LC-MS /MS) തസ്തികയിലേക്കുള്ള അഭിമുഖത്തിൽ പങ്കെടുക്കാം. LC-MS /MS കൈകാര്യം ചെയ്ത് രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.

പ്രതിമാസം സഞ്ചിത നിരക്കിൽ മുപ്പതിനായിരം രൂപ വേതനം ലഭിക്കും. വയസ് 2021 ജനുവരി ഒന്നിന് അൻപതു വയസ് കവിയരുത്. സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് നിയമാനുസൃത വയസിളവ് ലഭിക്കും.

താത്പര്യമുള്ളവർ സർവകലാശാലാ വെബ്സൈറ്റിൽ വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് യോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം മാർച്ച് 27ന് ഉച്ചയ്ക്ക് 1.30ന് സർവകലാശാലാ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എ.ഡി.എ 5 വിഭാഗത്തിൽ ഹാജരാകണം. 2.30ന് വൈസ് ചാൻസലറുടെ മിനി കോൺഫറൻസ് ഹാളിലാണ് അഭിമുഖം.

(പി.ആർ.ഒ/39/336/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര എൽഎൽബി(ഓണേഴ്സ് 2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി, പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി(ഓണേഴ്സ്) 2017, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, ബി.എ എൽ.എൽ.ബി പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സ് 2012 മുതൽ 2014 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, ബി.എ എൽ.എൽ.ബി പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡിഗ്രി 2015 അഡ്മിഷനുകൾ സപ്ലിമെന്ററി, ബി.എ(ക്രിമിനോളജി)എൽ.എൽ.ബി(ഓണേഴ്സ്) ഡിഗ്രി 2011 അഡ്മിഷൻ സപ്ലിമെന്ററി, പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്) 2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി, പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി(ഓണേഴ്സ്) 2013, 2014 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, പഞ്ചവത്സര ഡബിൾ ഡിഗ്രി ബി.കോം എൽഎൽബി(ഓണേഴ്സ്) 2019 അഡ്മിഷൻ റെഗുലർ, 2013 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി പരീക്ഷകൾക്ക് ഏപ്രിൽ മൂന്നു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഫൈനോടുകൂടി ഏപ്രിൽ നാലിനും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ അഞ്ചിനും അപേക്ഷ സ്വീകരിക്കും.

................................

നാലാം സെമസ്റ്റർ സി.ബി.സി.എസ്(2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ 2020, 2019,2018, 2017 അഡ്മിഷനുകൾ റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ് സൈബർ ഫോറൻസിക്(2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2019 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് ഏപ്രിൽ മൂന്നു മുതൽ 11 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. പിഴയോടു കൂടി ഏപ്രിൽ 12നും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 13നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വൈബ്സൈറ്റിൽ.

.........................

എട്ടാം സെമസ്റ്റർ ബി.പി.ഇ.എസ്(2019 അഡ്മിഷൻ റെഗുലർ, 2018, 2017, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഏപ്രിൽ പത്തുവരെ ഫീസ് അടച്ച് അപേക്ഷ നൽകാം. പിഴയോടുകൂടി ഏപ്രിൽ 11നും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 12നും അപേക്ഷ സ്വീകരിക്കും.

....................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബിഎ എൽഎൽബി(ഓണേഴ്സ് 2013 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി, 2012 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2011 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) കോഴ്സിന്റെ അഞ്ചും ആറും സെമസ്റ്റർ പരീക്ഷയ്ക്ക് ഏപ്രിൽ 11 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. പിഴയോടുകൂടി ഏപ്രിൽ 12നും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ 13നും അപേക്ഷ സ്വീകരിക്കും. വിശദാംശങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

................................

പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ, എംഎസ്സി, എംകോം ഒന്ന്, രണ്ട് സെമസ്റ്റർ പരീക്ഷകൾക്ക്(2018, 2017, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015, 2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഏപ്രിൽ മൂന്നുവരെ ഫീസ് അടച്ച് അപേക്ഷ നൽകാം. പിഴയോടൂകൂടി ഏപ്രിൽ നാലിനും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ അഞ്ചിനും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/337/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി മാത്തമാറ്റിക്സ്(2021 അഡ്മിഷൻ റെഗുലർ, 2019, 2020 അഡ്മിഷനുകൾ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു
പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ അഞ്ചുവരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/338/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ഐഎംസിഎ(2019 അഡ്മിഷൻ റെഗുലർ, 2018, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി, ഡിഡിഎംസിഎ(2015, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ മൂന്നിന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..................

2022 അഡ്മിഷൻ അഡിഷണൽ ഇലക്ടീവ്,  2020 അഡ്മിഷൻ അഡിഷണൽ ഡിഗ്രി വിദ്യാർഥികൾക്ക് ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ (സി.ബി.എസ് 2020 അഡ്മിഷൻ റെഗുലർ, 2017, 2018, 2019 അഡ്മിഷനുകൾ റീ അപ്പിയറൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ മാർച്ച് 2023) വിദ്യാർഥികൾക്കൊപ്പം പരീക്ഷ എഴുതാം

(പി.ആർ.ഒ/39/339/2023)

## പ്രാക്ടിക്കൽ

ജനുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച അഞ്ചാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ(2020 അഡ്മിഷൻ റെഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 28 മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..................

2022 നവംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ ബി.എ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ(സി.ബി.സി.എസ്.എസ് 2016,2015, 2014 അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ ഡ്രോയിംഗ് ഫോർ ആനിമേഷൻ എന്ന പ്രാക്ടിക്കൽ പരീക്ഷ കോതമംഗലം യെൽദോ മാർ ബസേലിയോസ് കോളജിൽ മാർച്ച് 28ന് നടത്തും.

..................

ജനുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ് 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീ അപ്പിയറൻസും 2017, 2018, 2019  അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ സോഫ്റ്റ് വെയർ ലാബ് 3 പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 27 മുതൽ നടത്തും.

(പി.ആർ.ഒ/39/340/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**